**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 798** **06-02-2023 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിൽ വീട്/സ്ഥലം ഇല്ലാത്ത പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിൽ സ്വന്തമായി വീട്, സ്ഥലം എന്നിവ ഇല്ലാത്ത പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിവരം തദ്ദേശസ്ഥാപനം തിരിച്ച് ലഭ്യമാക്കാമോ; | (എ) | വിശദാംശം അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ സർക്കാരിന്റെ വീട്/സ്ഥലം ലഭിക്കുന്നതിനുള്ള ഒരു പദ്ധതിയിലും ഉൾപ്പെട്ടിട്ടില്ലാത്ത എത്ര കുടുംബങ്ങൾ നിലവിലുണ്ടെന്നും ഇവർക്ക് വീട്/സ്ഥലം ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ? | (ബി) | പ്രസ്തുത മണ്ഡലത്തിൽ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത അർഹതയുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിത – ഭവനരഹിത കുടുംബങ്ങൾ ഉള്ളതായി നിലവിൽ കണ്ടെത്തിയിട്ടില്ല. അപ്രകാരം അർഹതയുള്ളവർ ലിസ്റ്റിൽ ഉൾപ്പെടാത്തതായി കണ്ടെത്തുന്ന പക്ഷം അവരെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.<br><br>ഒരു പദ്ധതിയിലും ഉൾപ്പെട്ടിട്ടില്ലാത്ത 57 പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്. കോട്ടയം ജില്ലയിലെ ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി മീനച്ചിൽ താലൂക്കിൽ മോനിപ്പള്ളി വില്ലേജിൽ ലാന്റ് ബാങ്ക് പദ്ധതി പ്രകാരം 2.15 ഏക്കർ ഭൂമി വാങ്ങിയിട്ടുണ്ട്. ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

## പൂഞ്ഞാർ മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിതരും ഭവനരഹിതരുമായവരുടെ വിശദാംശം

| **തദ്ദേശ സ്വയം ഭരണ സ്ഥാപനം** | **പട്ടികജാതി വിഭാഗം** | **പട്ടികവർഗ്ഗ വിഭാഗം** |
|---|---|---|
| ഈരാറ്റുപേട്ട മുൻസിപ്പാലിറ്റി | 12 | 3 |
| എരുമേലി | 223 | 27 |
| കൂട്ടിക്കൽ | 51 | 2 |
| കോരുത്തോട് | 75 | 5 |
| മുണ്ടക്കയം | 156 | 28 |
| പാറത്തോട് | 47 | 11 |
| പൂഞ്ഞാർ | 19 | 1 |
| പൂഞ്ഞാർ തെക്കേക്കര | 25 | 5 |
| തീക്കോയി | 11 | 19 |
| തിടനാട് | 23 | 8 |
| **ആകെ** | **642** | **109** |

**സെക്ഷൻ ഓഫീസർ**